**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 622** **11-06-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി നിയോജകമണ്ഡലത്തിൽ ഗിഫ്റ്റ് സിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റി പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമിയുടെ വില ഭൂവുടമകൾക്ക് നൽകിയോ; ഇല്ലെങ്കിൽ ഇത് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ; | (എ) | ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും ആരുടെയും ഭൂമി ഏറ്റെടുത്തിട്ടില്ലാത്തതിനാൽ ആർക്കും നഷ്ടപരിഹാര തുക നൽകിയിട്ടില്ല. പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കാനുണ്ട്. ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിന് കിൻഫ്ര കിഫ്ബിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് തുക കൈമാറുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി അയ്യമ്പുഴ പഞ്ചായത്തിൽ ഭൂമി വിട്ടുനൽകിയ ഭൂവുടമകൾക്ക് ഭൂമിയുടെ വില ലഭിക്കാത്തതിനാൽ അവർ നേരിടുന്ന പ്രയാസവും ദുരിതവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും. |
| (സി) | ഗിഫ്റ്റ് സിറ്റി പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കുന്ന കാലഘട്ടത്തിൽ ഉണ്ടായ ജനകീയ പ്രതിഷേധങ്ങളിൽ സ്ഥലത്തെ പള്ളി വികാരി ഉൾപ്പെടെയുള്ള ഭൂവുടമകൾക്കെതിരെ എടുത്ത കേസുകൾ നാളിതുവരെ പിൻവലിക്കാത്തതും ഭൂവുടമകൾക്ക് ഭൂമിയുടെ വില നൽകാതിരിക്കുകയും ചെയ്യുന്നത് ഭൂവുടമകളോട് കാണിക്കുന്ന നീതി നിഷേധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് ആകെ 5 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. ഇതിൽ 2 കേസുകൾ പിൻവലിച്ചിട്ടുണ്ട്. 2 കേസുകൾ കോടതി വിചാരണയിലാണ്. 1 കേസിൽ ശിക്ഷ വിധിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കേസുകൾ പിൻവലിക്കാനും ഭൂമിയുടെ വില ത്വരിതഗതിയിൽ നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഭൂവുടമകൾക്ക് ഭൂമിയുടെ വില എന്ന് മുതൽ നൽകി തുടങ്ങുമെന്നുള്ള ഉറപ്പ് നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മേൽ (എ) & (സി) പിരിവുകൾക്കുള്ള മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ